I.ഇ.ബി. XIIകേരള നിയമസഭ/VIII-18

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 18, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പാവപ്പെട്ട രോഗികൾ ചികിൽസയ്ക്കായി അഭയം പ്രാപിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ. റഫറൽ സംവിധാനം ഏർപ്പെടുത്തിയപ്പോഴുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴുമുള്ളത്. ദിനംപ്രതി ആയിരത്തി അറുന്നൂറിൽപ്പരം രോഗികൾ ചികിൽസയ്ക്കെത്തുന്ന ഈ ആശുപത്രിയിൽ കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ഒരു ബയോ മെഡിക്കൽ എഞ്ചിനിയറിംഗ് വിഭാഗം അത്യാവശ്യമാണ്. ആവശ്യത്തിന് ആധുനിക ഉപകരണങ്ങളും ജീവൻരക്ഷാ മരുന്നുകളും ലഭ്യമാക്കണം. വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമമാക്കണം. ആശുപത്രി പ്രദേശത്തെ ഗതാഗതക്കുരുക്ക്

നിയന്ത്രിക്കാൻ നടപടിയുണ്ടാകണം. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അടിയന്തിര നടപടി സ്വീകരിക്കണം. തലസ്ഥാന വികസന സമിതിയുടെ എംപവേർഡ് കമ്മിറ്റി മെഡിക്കൽ കോളേജിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച മാസ്റ്റർ പ്ളാൻ നടപ്പിലാക്കുന്നതിന് എം.എൽ.എ. മാരുടേയും വകുപ്പുതലവൻമാരുടേയും ഉന്നതതല യോഗം വിളിച്ചു ചേർക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടിച്ചർ): തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേടുപാട് സംഭവിക്കുന്ന ഉപകരണങ്ങൾ അതാത് സമയത്തുതന്നെ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. 2.75 കോടി രൂപ മുടക്കി ഒരു പുതിയ സി.ടി. സ്കാൻ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അൾട്രാസൗണ്ട് സ്കാനർ, ഡയാലിസിസ് മെഷീൻ, വെന്റിലേറ്ററുകൾ ഉൾപ്പെടെ രണ്ടരക്കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ ആശുപത്രിയെ ഒരു സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിന് 120 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി വരികയാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ജീവൻരക്ഷാ മരുന്നുകൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും മരുന്നിന് ക്ഷാമമുണ്ടായാൽ അത് വാങ്ങുന്നതിനുള്ള അനുമതിയും കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിനെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മാതൃകയിലുള്ള ആശുപത്രിയായി ഉയർത്തുന്നതിന് പി.എം.

എസ്.എസ്.വൈ-യിൽപ്പെടുത്തി 120 കോടി രൂപയുടെ പ്രോജക്ട് അനുവദിച്ചിട്ടുണ്ട്.

(2) കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ

ശ്രീ. പി. കൃഷ്ണ പ്രസാദ് : കേന്ദ്ര കടാശ്വാസ പദ്ധതിയുടെ കാർഷിക വിരുദ്ധനയം മൂലം സംസ്ഥാനത്തെ ലക്ഷക്കണക്കിന് കർഷകർക്ക് കടാശ്വാസം ലഭ്യമാകാത്ത ഗുരുതരമായ സാഹചര്യം നിലവിലുണ്ട്. കടാശ്വാസത്തിന് അർഹരായ കർഷകരുടെ എണ്ണം വെട്ടിക്കുറച്ച് കേന്ദ്ര ഗവൺമെന്റ് കർഷകരെ വഞ്ചിച്ചിരിക്കുകയാണ്. 6800 കോടി രൂപയുടെ സ്ഥാനത്ത് 2500 കോടി രൂപയുടെ കടാശ്വാസമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതുമൂലം ഇരുപത് ലക്ഷത്തോളം അർഹരായ കർഷകർക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കടം പുതുക്കിയ കർഷകർക്ക് ആനുകൂല്യം നിഷേധിക്കുന്നത് നീതിയല്ല. ഇതുവഴി തോട്ടം തൊഴിലാളികൾക്കും കാർഷിക അനുബന്ധ മേഖലകളിലെ തൊഴിലാളികൾക്കും കടാശ്വാസം നിഷേധിച്ചിരിക്കുകയാണ്. അതുകൊണ്ട് പുതുക്കിയ കടങ്ങൾ എഴുതിത്തള്ളണമെന്നും കർഷകവിരുദ്ധ മാനദണ്ഡങ്ങൾ തിരുത്തി അർഹരായ മുഴുവൻ കർഷകർക്കും കേന്ദ്ര കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കാനും ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രകത്നാകർ) റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണബാങ്കുകൾ, അർബൻ സഹകരണ വായ്പാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ, ലോക്കൽ ഏരിയ

ബാങ്കുകൾ എന്നിവ ഇടത്തരം-ചെറുകിട കർഷകർക്കും മറ്റ് കർഷകർക്കും, നേരിട്ടു നൽകിയ കാർഷിക വായ്പകളാണ് കേന്ദ്ര കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിൽ 2 ഹെക്ടർ വരെ ഭൂമിയുള്ളവരെ ഇടത്തരം ചെറുകിട കൃഷിക്കാരായും 2 ഹെക്ടറിൽ കൂടുതലുള്ളവരെ മറ്റ് കൃഷിക്കാരായും നിർവ്വചിച്ചിട്ടുണ്ട്. ഇതുപ്രകാരം ഇടത്തരം ചെറുകിട കൃഷിക്കാരുടെ 1997 മാർച്ച് 31-ന് ശേഷം 2007 മാർച്ച് 31 വരെ എടുത്തിട്ടുള്ളതും 2007 ഡിസംബർ 31-ലെ കണക്ക് പ്രകാരം പണമടവ് ബാക്കി നിൽക്കുന്നതും 2008 ഫെബ്രുവരി 29 വരെ അടയ്ക്കാതെ ബാക്കി നിൽക്കുന്നതുമായ കാർഷിക വായ്പകളും പ്രത്യേക പാക്കേജ് പ്രകാരം 2004-ലും 2006-ലും ബാങ്കുകൾ പുന:ക്രമീകരിച്ച കാർഷിക വായ്പകൾ, 2007 മാർച്ച് 31 വരെ പ്രകൃതി ദുരന്തങ്ങൾ കാരണം പുന:ക്രമീകരിച്ച വായ്പകൾ എന്നിവ മാത്രമേ എഴുതിത്തള്ളുകയുള്ളു. 5 ഏക്കറിൽ അധികം വരുന്ന കർഷകരുടെ കാര്യത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേന്ദ്രകടാശ്വാസ പദ്ധതി പ്രകാരം 1997 മാർച്ച് 31-ന് മുമ്പ് വിതരണം ചെയ്തിട്ടുള്ള വായ്പകളെയും, സഹകരണ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് കോർപ്പറേറ്റുകൾ, പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ, സൊസൈറ്റികൾ തുടങ്ങിയവ വിതരണം ചെയ്ത കാർഷിക വായ്പകളെയും കർഷകർ എടുത്തിട്ടുള്ള മറ്റ് വായ്പകളെയും 2008 ഫെബ്രുവരി 29-നകം വായ്പ അടച്ച് പൂർത്തീകരിച്ചവയെയും ഈ ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. വായ്പ തിരിച്ചടയ്ക്കാൻ തയ്യാറായ കർഷകരോട് വിവേചനം കാണിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. 2008 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വായ്പ അടച്ചവർക്കുകൂടി ആനുകൂല്യം ലഭിക്കത്തക്കവണ്ണം പദ്ധതിയുടെ നിബന്ധനകളിൽ ആവശ്യമായ മാറ്റം വരു

ത്തണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടെങ്കിലും ഒരു പ്രതികരണവും ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസം നൽകുന്ന നടപടി കളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷക കടാശ്വാസ കമ്മീഷൻ കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്ക്കരിച്ച് കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കേരളത്തിലെ കർ ഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മാനദണ്ഡ ത്തിൽ അയവുവരുത്തുന്നതിന് ഭരണ-പ്രതിപക്ഷഭേദമെന്യേ ഇടപെടലുണ്ടാ കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സബ്മിഷൻ**

(1) <u>റോഡ് നിയമങ്ങളും ശിക്ഷാ നടപടികളും</u>

<u>പ്രൊഫ: കെ.വി. തോമസ്</u> : ഇൻഡ്യയിൽ ഏറ്റവും കൂടുതൽ റോഡപ കടങ്ങളുണ്ടാകുന്ന സംസ്ഥാനമായി മാറിയിരിക്കുന്ന കേരളത്തിൽ സ്പീഡ് നിയന്ത്രണത്തെക്കുറിച്ച് ബോധവൽക്കരണം നടത്താനും സ്പീഡ് ഗവർണ്ണറു കളുടെ ക്വാളിറ്റി പരിശോധിക്കാനും ഫലപ്രദമായി അവ ഉപയോഗിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u> : കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം പൊതുജന താല്പര്യവും സുരക്ഷയും പാലം, റോഡ് തുടങ്ങിയവയുടെ ഘടനയും കണക്കിലെടുത്ത് ഓരോ തരം വാഹനത്തിനും പൊതു നിരത്തിൽ ഓടിക്കാ വുന്നതിന്റെ പരമാവധി വേഗത നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന മോട്ടോർ വാഹന വകുപ്പ് ഓരോതരം വാഹനത്തിനും അനുവദനീയമായ വേഗത പരിധി നിശ്ചയിച്ചുകൊണ്ടുള്ള ബോർഡുകൾ പ്രധാന റോഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അമിതവേഗത

നിയന്ത്രിക്കുന്നതിനുള്ള പരിശോധന സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ തുടങ്ങിയ ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് സുതാര്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമലംഘനം നടത്തുന്നവരെ കണ്ടുപിടിച്ച് പിഴ ഈടാക്കുകയും ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരികയാണ്. മോട്ടോർവാഹന വകുപ്പിൽ കൂടുതൽ ഇന്റർസെപ്റ്റർ വാങ്ങിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപകടം കൂടുതൽ നടക്കുന്ന മേഖലകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. പിഴ ഈടാക്കുമ്പോൾ നിർബന്ധമായും രസീത് നൽകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) യാത്രാക്ളേശം

ശ്രീ. ആർ. സെൽവരാജ് : തമിഴ്നാട്-കേരള അതിർത്തിയിലെ പഞ്ചായത്ത് പ്രദേശങ്ങളായ കുന്നത്തുകാൽ, പളുകൽ, ഐങ്കാമം, ചെറുവാരക്കോണം, ചെങ്കവിള എന്നീ പ്രദേശങ്ങളിൽ തമിഴ്നാട് പോലീസ് വാഹന പരിശോധന നടത്തി ആശുപത്രിയിൽ പോകുന്ന രോഗികളേയും സ്ത്രീകളേയും ഉൾപ്പെടെ ബുദ്ധിമുട്ടിക്കുകയാണ്. അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് ഇത്തരത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : മോട്ടോർ വാഹന നിയമ പ്രകാരം ഇരുചക്ര വാഹനങ്ങൾ, മോട്ടോർ കാർ, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയ്ക്ക് പരിധിയില്ലാതെ അതിർത്തിവിട്ട് സഞ്ചരിക്കാവുന്നതാണ്. ഓട്ടോറിക്ഷകൾക്ക് സംസ്ഥാന അതിർത്തി കടന്നുചെല്ലാൻ അനുവാദമില്ല. ചരക്ക് വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റും മറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അതിർത്തി

കടന്നു പോകുന്നതിന് അതാത് ആർ.ടി.ഒ.യിൽ നിന്നോ ചെക്ക്പോസ്റ്റിൽനിന്നോ സ്പെഷ്യൽ പെർമിറ്റും വാങ്ങിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യാതെ തമിഴ്നാട്ടിൽ പ്രവേശിക്കുന്നത് മോട്ടോർ വാഹന നിയമങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം നിയമവ്യവസ്ഥകൾ രോഗികൾ ഉൾപ്പെടെയുള്ള ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വസ്തുത കണക്കിലെടുത്ത് തമിഴ്നാട് സർക്കാരുമായി ചർച്ച ചെയ്ത്  റോഡുകളിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) <u>ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ.ബി.ഡി. ദേവസ്സി</u> : ചാലക്കുടി നിയോജക മണ്ഡലത്തിലെ 16 ആദിവാസി കോളനികളിലുള്ള 170-ഓളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല. അഞ്ചോളം ആദിവാസി കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. ചില ആദിവാസി കോളനികളിൽ കുടിവെള്ള സൗകര്യമോ ഗതാഗത സൗകര്യമോ ഇല്ല. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനും പട്ടയമോ കൈവശരേഖയോ ഇല്ലാത്തവർക്ക് അവ നൽകുന്നതിനും നടപടി സ്വീകരിക്കണം. വനവിഭവ സമാഹരണത്തിലൂടേയും ടൂറിസം വഴിയും ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകണം. വെറ്റിലപ്പാറ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും എസ്.ടി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഹോസ്റ്റൽ കെട്ടിടം പണിയാനും ട്രൈബൽ ഡവലപ്മെന്റ് ആഫീസിന് സ്വന്തമായി കെട്ടിടം പണിയാനും നടപടി സ്വീകരിക്കണം. മലക്കപ്പാറയിൽ ഹെൽത്ത് സെന്ററും മൊബൈൽ ഹെൽത്ത് ക്ളിനിക്കും ആരംഭിക്കണം. ആദിവാസി മേഖലയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഷോളയാർ ഗിരിജൻ സൊസൈറ്റിയുടെ പ്രവർത്തനം

വിപുലപ്പെടുത്തണം. എം.ആർ.എസ്-ൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാനും പ്ലസ്ടു ആരംഭിക്കാനും നടപടി സ്വീകരിക്കണം. ഇതര വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ആദിവാസി മേഖലയുടെ സമഗ്ര വികസനത്തിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ചാലക്കുടി നിയോജക മണ്ഡലത്തിൽ 24 സെറ്റിൽമെന്റുകളിലായി 669 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. എം.ആർ.എസ്-നുപുറമേ വാഴച്ചാൽ, വെറ്റിലപ്പാറ, ചാലക്കുടി എന്നിവിടങ്ങളിൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെറ്റിലപ്പാറ പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. ചാലക്കുടിയിൽ പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ഇവർക്ക് വീട് വച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതരായ ആദിവാസികൾക്ക് വനാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതോടെ ഭൂമി നൽകാൻ കഴിയും. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആറ് കോളനികളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ ശാക്തീകരിച്ച് വനവത്കരണ പരിപാടി, ദേശീയ തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. നടപ്പു സാമ്പത്തിക വർഷം പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 16 ലക്ഷംരൂപയുടെ വിവിധ പദ്ധതികൾ ചാലക്കുടി മണ്ഡലത്തിൽ നടപ്പിലാ

ക്കാൻ അനുമതി നൽകിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ളസ്ടു ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സീറ്റുകളുടെ എണ്ണം കൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്. ട്രൈബൽ ഡെവലപ്മെന്റ് ആഫീസിന് കെട്ടിടം പണിയാൻ സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമം നടന്നുവരികയാണ്. ഗിരിജൻ സഹകരണ സംഘത്തിന്റെ കെട്ടിടം റിപ്പയർ ചെയ്യുന്നതിനും മലക്കപ്പാറയിൽ ഒ.പി. ക്ളിനിക് ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഹെൽത്ത് സെന്റർ, മൊബൈൽ ഹെൽത്ത് സെന്റർ എന്നിവ ആരംഭിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഷോളയാർ ഗിരിജൻ സർവ്വീസ് സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി വീട് വയ്ക്കുന്നതിനും കൃഷി ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തും. ചാലക്കുടി മണ്ഡലത്തിലെ മുഴുവൻ ആദിവാസി കോളനികളുടേയും സമഗ്ര വികസന ത്തിന് ഒരു മാസ്റ്റർ പ്ളാൻ സമയബന്ധിതമായി തയ്യാറാക്കും.

(4) <u>തിയ്യസമുദായ വിദ്യാർത്ഥികൾക്ക് പ്ളസ് വണ്ണിന് പ്രവേശനം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എ.പി. അനിൽകുമാർ</u> : ഹിന്ദു കോഡ് ഉപയോഗിക്കുന്നതിലു ണ്ടായ അപാകതമൂലം പത്താം ക്ളാസ് പരീക്ഷ പാസ്സായി പ്ളസ് വണ്ണിന് ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ നൽകിയ കോഴിക്കോട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലുൾപ്പെടെയുള്ള തിയ്യ, ബില്ലവ സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ അഡ്മിഷൻ കിട്ടാത്ത സാഹചര്യമുണ്ട്. മൂന്നാമത്തെ അലോട്ട്മെന്റ് കഴിഞ്ഞാൽ ഇതിന് പരിഹാരമുണ്ടാക്കുമെന്ന് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ആശങ്ക നിലനിൽക്കുക യാണ്. മാർക്കുണ്ടായിട്ടും സംവരണം ലഭിക്കാതെ പോകുന്നവരുടെ കാര്യം

കൂടി പരിഗണിക്കണം. അടുത്ത വർഷത്തെ പ്രോസ്പെക്ടസ്സിൽ ഈഴവ എന്നതിനോടൊപ്പം തിയ്യ, ബില്ലവ എന്നതുകൂടി ചേർത്ത് ആശയക്കുഴപ്പം ഒഴിവാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : 2003-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് ഹയർ സെക്കണ്ടറി അഡ്മിഷന് റിസർവേഷൻ നടപ്പിലാക്കിവരുന്നത്. പ്രസ്തുത ഉത്തരവിൽ ഈഴവ എന്നു മാത്രമാണുള്ളത്. ഈഴവ വിഭാഗത്തിൽപ്പെടുന്ന തിയ്യ, ബില്ലവ സമുദായങ്ങൾക്കും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണം ലഭിക്കുന്നുണ്ട്. ഇത്തവണത്തെ അപേക്ഷാ ഫോമിൽ ഈഴവ വിഭാഗത്തിന് പ്രത്യേക കോഡും സമുദായം രേഖപ്പെടുത്തുന്നതിന് പ്രത്യേക സ്ഥലവും കൊടുത്തിരുന്നുവെങ്കിലും ചില വിദ്യാർത്ഥികൾ തെറ്റായി രേഖപ്പെടുത്തുക യാണുണ്ടായത്. കുട്ടികൾ നൽകിയ വിവരങ്ങൾ തിരുത്താനും കൂട്ടി ച്ചേർക്കാനും നിരവധി അവസരങ്ങൾ നൽകിയിട്ടും കുട്ടികളും രക്ഷിതാക്കളും യഥാസമയം തിരുത്തലുകൾ വരുത്തിയില്ല. 'സേ' പരീക്ഷ ജയിച്ച വിദ്യാർത്ഥി കളുടെ പ്രവേശന നടപടികളോടൊപ്പം ഈ പരാതികൂടി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രോസ്പെക്ടസ്സിൽ എന്തെങ്കിലും കൂട്ടി ച്ചേർക്കേണ്ടതുണ്ടെങ്കിൽ പരിശോധിച്ച് പരിഹരിക്കുന്നതാണ്.

(5) എൻ.എച്ച്.208 സഞ്ചാരയോഗ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.കെ. രാജു : എൻ.എച്ച്.208-ൽ പുനലൂർ മുതൽ കോട്ടവാസൽ വരെ യുള്ള ഭാഗം നിരവധി വർഷങ്ങളായി ഗതാഗതയോഗ്യമല്ലാതായിരിക്കുക യാണ്. റോഡ് വികസനത്തിനായി ദേശീയ ഹൈവേ അതോറിറ്റി ഈ റോഡ് ഏറ്റെടുത്തുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഭാഗത്ത്

ദിവസവും നിരവധി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിന് അടിയന്തിര പരിഹാരമുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : എൻ.എച്ച്.208-ൽ പുനലൂർ മുതൽ കോട്ടവാസൽ വരെയുള്ള ഭാഗം ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ദേശീയപാത വിഭാഗത്തിൽപ്പെടുന്നതുകൊണ്ട് മരാമത്ത് വകുപ്പിന് നേരിട്ട് പണി നടത്തുന്നതിന് പരിമിതിയുണ്ടെങ്കിൽപ്പോലും അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറെ വർക്കുകൾ ചെയ്തിട്ടുണ്ട്. ഈ റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് പരിഹാര നടപടികൾക്കായി കേന്ദ്രഗവൺമെന്റിൽ നിരന്തരമായ ഇടപെടൽ നടത്തുകയുണ്ടായി. കേന്ദ്രാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതുകൊണ്ടാണ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ബുദ്ധിമുട്ട് ഉണ്ടായത്. ഏറ്റവും മോശമായ തെന്മല 68-ാം കിലോമീറ്ററിൽനിന്ന് ആരംഭിക്കുന്ന 10 കിലോമീറ്റർ ദൂരം അറ്റകുറ്റപ്പണികൾക്കായി ടെണ്ടർ സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(6) ലക്ഷം യുവകർഷക പദ്ധതി

ശ്രീ.കെ.കെ. ഷാജു : 1100 രൂപ രജിസ്ട്രേഷൻ ഫീസ് വാങ്ങി അഭ്യസ്ത വിദ്യരായ യുവതീയുവാക്കളെ അംഗങ്ങളാക്കിക്കൊണ്ട് 1990-ൽ കൃഷി വകുപ്പ് പ്രഖ്യാപിച്ച ലക്ഷം തൊഴിൽ പദ്ധതി ഫലപ്രദമാക്കി മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : 1994-95-ൽ സംസ്ഥാന ഗവൺമെന്റ് തൊഴിൽ വകുപ്പുവഴി ആവിഷ്ക്കരിച്ച ലക്ഷം തൊഴിൽദാന പദ്ധതിയിൽ കൃഷി മുഖ്യ തൊഴിലായി സ്വീകരിക്കാൻ

കഴിയുന്ന യുവതീയുവാക്കളെയാണ് അംഗങ്ങളാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രായോഗികമല്ലെന്ന് നബാർഡ് ഏജൻസിയായ 'നാപ്കോസ്' ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തുടരേണ്ടതില്ലെന്ന് മുൻകാല ഗവൺമെന്റുകൾ ശുപാർശ ചെയ്തിട്ടുണ്ട്. അംഗങ്ങളായവർ പിരിഞ്ഞുപോകുമ്പോൾ 5000 രൂപയും മരണപ്പെടുന്നവർക്ക് 25,000 രൂപയും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി പ്ളാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ സംഘടനകളുമായി ആലോചിച്ച് ഭക്ഷ്യസുരക്ഷാ പദ്ധതിയിലും തൊഴിൽദാന പദ്ധതിയിലും ഉൾപ്പെടുത്തി ഒരു സ്കീം രൂപീകരിക്കുന്നതിന് കൃഷി വകുപ്പ് ശ്രമിക്കുന്നതാണ്.

### (7) കുഴിക്കാട്ടുശ്ശേരി ആയൂർവ്വേദ ആശുപത്രിയിലും വെള്ളാങ്കല്ലൂർ പി.എച്ച്.സി.യിലും കിടത്തി ചികിൽസ

ശ്രീ. എ.കെ. ചന്ദ്രൻ: ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ മുൻകൈയെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ മാള നിയോജക മണ്ഡലത്തിലെ ആളൂർ ആയൂർവേദ ചികിൽസാ കേന്ദ്രത്തിലും വെള്ളാങ്കല്ലൂർ പി.എച്ച്.സി.യിലും രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മാള നിയോജകമണ്ഡലത്തിലെ വെള്ളാങ്കല്ലൂർ പി.എച്ച്.സി. -യുടെ 7 കിലോമീറ്റർ ദൂരത്തിൽ കൊടുങ്ങല്ലൂരും 9 കിലോമീറ്റർ ദൂരത്തിൽ ഇരിങ്ങാലക്കുടയും താലൂക്ക് ആശുപത്രികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ കെട്ടിടം എടുത്തെങ്കിലും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. ഇത്തരം

ആശുപത്രികളിൽ കിടത്തി ചികിൽസിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാരിന്റെ സാമ്പത്തികനില അനുവദിക്കുന്നില്ല. ആശുപത്രി കുറേക്കൂടി മെച്ചപ്പെട്ട നിലയിലാക്കുന്നതിന് ഗവൺമെന്റ് ശ്രമക്കുന്നതാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്കേ പി.എച്ച്. സി.യിലും ആയൂർവേദ ആശുപത്രിയിലും കിടത്തി ചികിൽസ ആരംഭി ക്കാൻ കഴിയുകയുള്ളൂ.

(8) <u>വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ.ടി.ജലീലും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> പത്തനംതിട്ട ജില്ലയിലെ എം.എസ്.എഫ്.-ന്റെ പ്രസിഡന്റും എം.ബി.എ. വിദ്യാർത്ഥിയുമായ ശ്രീ. ഷഹൻഷ ഹൈക്കോടതി അനുകൂല ഉത്തരവുണ്ടായിട്ടും പരീക്ഷ എഴുതാൻ കോളേജ് അധികൃതർ സമ്മതിക്കാത്തതിൽ മനംനൊന്താണ് ആത്മഹത്യയ്ക്ക് ശ്രമിച്ചത്. വാഗ്ദാനം ചെയ്ത അടിസ്ഥാനസൗകര്യം ഒരുക്കാത്തതിന്റെ പേരിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്ക് ടി.സി. കൊടുക്കുകയും കള്ളക്കേസ്സിൽ കുടുക്കുകയും പരീക്ഷ എഴുതുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനും വിദ്യാർത്ഥികൾക്ക് സമാധാനമായി പരീക്ഷ എഴുതാനുള്ള സാഹചര്യം ഒരുക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: മഹാത്മാഗാന്ധി സർവ്വകലാശാല ഗൗരവത്തോടെ ഏറ്റെടുത്ത പ്രശ്നമാണിത്. Board for Adjudication of Students Grievances

വിദ്യാർത്ഥികളുടെ പരാതി പരിശോധിക്കുകയും പരിഹാരം കണ്ടെത്താൻ കോളേജ് അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാനം കോളേജധികൃതർ നടപ്പാക്കാൻ തയ്യാറായിട്ടില്ല. 12-6-2008-ൽ കൂടിയ യോഗം ഈ വിഷയത്തിൽ നിയമോപദേശം തേടിയപ്പോൾ സർവ്വകലാശാലയുടെ തീരുമാനം നടപ്പിലാക്കാൻ കോളേജ് പ്രിൻസിപ്പൽ ബാധ്യസ്ഥനാണ് എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി സ്വീകരിക്കാൻ സിൻഡിക്കേറ്റ് തയ്യാറാകുന്നതായിട്ടാണ് സർവ്വകലാശാല അറിയിച്ചത്. സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ നിയമവ്യവസ്ഥയെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് കുട്ടികളുടെ ഭാവിക്കെതിരെ കൈക്കൊണ്ട നടപടികൾ ഈ ഗവൺമെന്റ് അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായി ഇടപെടുന്നതാണെന്ന് ഉറപ്പുനൽകുന്നു.

(9) ബാല-ബാലിക പീഢനത്തിനെതിരെ നിയമവ്യവസ്ഥകൾ

ശ്രീമതി കെ.കെ. ലതിക: പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഢിപ്പിക്കുന്ന സംഭവത്തിൽ നിയമവ്യവസ്ഥയുടെ അപര്യാപ്തതമൂലം കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പഴുതുകളില്ലാത്ത നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ബാല-ബാലികാ പീഢനം തടയുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമായതിനാൽ കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ ഇല്ലാതാക്കുവാനും കൂടുതൽ കഠിനമായ ശിക്ഷകൾ ലഭ്യമാക്കുവാനും ആവശ്യമായ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. കേന്ദ്രഗവൺമെന്റാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്. പീഢനങ്ങൾ സംബന്ധിച്ച പരാതി

കൾ ഒതുക്കിത്തീർക്കുക, പരാതി നൽകാതിരിക്കുക തുടങ്ങിയ പ്രവണതകൾ കുറ്റവാളികൾക്ക് തുണയാകുന്നുണ്ട്. അതുകൊണ്ട് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനം നടത്താനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ഉറപ്പുവരുത്താനും ഗവൺമെന്റ് മുൻകയ്യെടുക്കുന്നതാണ്.

(10) അമ്മന്നൂർ മാധവചാക്യാരുടെ വസതി ഏറ്റെടുക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: പത്മഭൂഷൺ, പത്മശ്രീ, കേന്ദ്ര-സംസ്ഥാന സംഗീത നാടക അക്കാദമി അവാർഡുകൾ, ഫെല്ലോഷിപ്പ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയ കൂത്തിന്റേയും കൂടിയാട്ടത്തിന്റേയും കുലപതിയായ അമ്മന്നൂർ ഗുരു മാധവചാക്യാരുടെ വസതി സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് നിലനിർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): അമ്മന്നൂർ മാധവചാക്യാരുടെ ഇരിഞ്ഞാലക്കുടയിലുള്ള വസതി സ്മാരകമാക്കി നിലനിറുത്താനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ തൃശ്ശൂരിൽ സംഗീത നാടക അക്കാഡമിയുടെ നേതൃത്വത്തിൽ പൂർത്തിയായിവരുന്ന കൂത്തമ്പലം 'ഗുരു അമ്മന്നൂർ സ്മാരകം' എന്ന നിലയിൽ നാമകരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(11) ഇ.എഫ്.എൽ. നോട്ടീസിലെ അവ്യക്തത

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി നിയോജകമണ്ഡലത്തിലെ തങ്കമണി, കട്ടപ്പന വില്ലേജുകളിലെ പ്രദേശങ്ങൾ ഇ.എഫ്.എൽ. ആണെന്ന് പറഞ്ഞുകൊണ്ട് വനം വകുപ്പ് അവിടെയുള്ള കൃഷിക്കാർക്ക് നോട്ടീസ്

അയച്ചത് ശ്രദ്ധയിൽപെട്ടപ്പോൾ സർക്കാർ നേരിട്ട് ഇടപെടുകയും കർഷകരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വനംവകുപ്പു മന്ത്രി ജനപ്രതി നിധികളുടേയും കർഷക പ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നതിന് തീരുമാനിക്കുകയും ഈ വിഷയത്തെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനും ഡി.എ ഫ്.ഒ. കൺവീനറായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. ആ സമിതി അന്വേഷിച്ച് റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. പക്ഷെ അതിനു ശേഷം ജയിംസ് സിറിയക്, കാൽവരി മൗണ്ട് ഇടുക്കി എന്ന കക്ഷിക്ക് വനം വകുപ്പിൽ നിന്നും വീണ്ടും ഒരു നോട്ടീസ് അയച്ചിരിക്കുകയാണ്. ഓർഡി നൻസ് പ്രകാരമുള്ള മാറ്റമായിരുന്നു എങ്കിൽ അതിനെ സംബന്ധിച്ച കസ്റ്റോ ഡിയൻ എന്ന നിലയിൽ തീരുമാനമെടുക്കാൻ വനം വകുപ്പിന് കഴിയുമായി രുന്നു. പക്ഷെ ഇപ്പോൾ ഇത് ആക്ട് പ്രകാരം വന്നിരിക്കുന്ന വിഷയമായ തുകൊണ്ട് കസ്റ്റോഡിയന് അധികാരമില്ല. ആയതിനാൽ കോട്ടയത്ത് പ്രവർത്തിക്കുന്ന ട്രൈബ്യൂണലിനെ സമീപിക്കണം എന്നുള്ള നിലയിലാണ് ഇപ്പോൾ നോട്ടീസ് വന്നിരിക്കുന്നത്. കർഷകരാകെ ആശങ്കയിലാണ്. നോട്ടി ഫൈഡ് ഏരിയയാണ് നിലവിലുള്ളത്. അത് റീ-നോട്ടിഫൈ ചെയ്ത് ആവ ശ്യമായ ഭേദഗതി നിയമത്തിൽ കൊണ്ടുവന്ന് കർഷകരെ സംരക്ഷിക്കാൻ ഉത കുന്ന നിലയിൽ തീരുമാനമെടുത്തില്ലെങ്കിൽ കർഷകർ ഏറെ വിഷമത്തി ലാകും അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി ഒരു ഇടപെടൽ ഉണ്ടാകണം. അവിടെ ഉണ്ടായിട്ടുള്ള ആശങ്കകളകറ്റാനും കർഷകരെ പരിര ക്ഷിക്കാനും ബഹുമാനപ്പെട്ട മന്ത്രി തന്നെ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിര ഇടപെടലുണ്ടാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഇ.എഫ്.എൽ. ആക്ടിന്റെ പേരിൽ സംസ്ഥാനത്ത് ഒരിടത്തും യഥാർത്ഥ കർഷകരെ ഇറക്കിവിടാനോ പ്രതികൂലമായി എന്തെങ്കിലും നടപടി സ്വീകരിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഇടുക്കി ജില്ലയിലെ തങ്കമണി, കട്ടപ്പന വില്ലേജുകളിലെ 22 കൃഷിക്കാർക്ക് വനം വകുപ്പിൽ നിന്ന് നോട്ടീസ് വരികയും അവിടെ ആശങ്ക പരക്കുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ ഇത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് കിട്ടിയാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇ.എഫ്. എൽ. ആക്ട് മൂലമുണ്ടായ എല്ലാ ആശങ്കകളും തീർക്കുന്നതിന് നിയമ ഭേദഗതി ആവശ്യമാണ്. കർഷകരുടെ എല്ലാ തരത്തിലുമുള്ള ആശങ്കകളകറ്റി പാരിസ്ഥിതികമായി ദുർബ്ബല പ്രദേശങ്ങളിൽ കഴിയുന്നവരുടെ ഭദ്രതയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്.

(12) ഓപ്പൺ എയർ സ്റ്റേഡിയം

ശ്രീ. എം. ഹംസ: ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തോട നുബന്ധിച്ചുള്ള ഏഴ് ഏക്കർ സ്ഥലത്ത് ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുന്ന തിന് ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് ധനസഹായം നൽകുന്നതാണ്. ഇതിന്റെ എസ്റ്റിമേറ്റും സ്ഥലത്തിന്റെ ലഭ്യതയും വിശദമാക്കിക്കൊണ്ടുള്ള അപേക്ഷ സ്കൂൾ അധികൃതരും പഞ്ചായത്ത് അധികൃതരും സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(13) <u>കണ്ണൂർ ജില്ലയെ വിദർഭ മോഡൽ പാക്കേജിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> വിദർഭ മോഡൽ പാക്കേജിൽ കണ്ണൂർ ജില്ലയെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതികൾ നടപ്പാക്കി കാർഷിക പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> കണ്ണൂർ ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കാൻ 2007-08 സാമ്പത്തിക വർഷം 143.67 ലക്ഷം രൂപ ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം 536 ലക്ഷം രൂപ ഈ മേഖലയിൽ വിനിയോഗിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ കാർഷിക പ്രതി സന്ധി പരിഗണിച്ച് കേന്ദ്ര സർക്കാരിനോട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂരിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(14) <u>കോവളം ദേശീയ പാത നിർമ്മാണം</u>

<u>ശ്രീ. ജോർജ് മേഴ്സിയർ:</u> കോവളം-കന്യാകുമാരി ദേശീയപാത നിർമ്മാണത്തിനായി കാഞ്ഞിരംകുളം, കോട്ടുകാൽ വില്ലേജുകളിൽ ഏറ്റെ ടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുകയും പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള .നടപടി സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> കേന്ദ്രഗവൺമെന്റ് അനുവദിച്ച ഫണ്ട് യഥാസമയം വിനിയോഗിക്കാതിരുന്നതുമൂലം അത് de novo ആയതിനാൽ മറ്റ് നടപടിക്രമങ്ങളിലേയ്ക്ക് പോകാൻ സാധിക്കാതിരുന്ന തുമാണ് പണി വൈകുന്നതിനുള്ള കാരണം. മൂന്ന് റീച്ചുകളിലായിട്ടാണ്

ഇതിന്റെ പണി ക്രമീകരിച്ചിട്ടുള്ളത്. അതിൽ വിഴിഞ്ഞം വരെയുള്ള ഒന്നാം റീച്ചിന് സ്ഥലമേറ്റെടുത്തു കഴിഞ്ഞു. രണ്ടാം റീച്ചിന് സ്ഥലം പൊന്നുംവില യ്ക്കെടുക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് സ്ഥലം ഏറ്റെ ടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മൂന്നാം റീച്ചിന്റെ സ്ഥലമെടുപ്പിനായി കരട് വിജ്ഞാപനം തയ്യാറായിട്ടുണ്ട്.

(15) ഫയർ സ്റ്റേഷൻ

ശ്രീമതി പി. അയിഷാപോറ്റി: കൊട്ടാരക്കരയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന് മുനിസിപ്പാലിറ്റി രേഖാമൂലം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ആ സൗകര്യം ലഭ്യമാക്കി കൊട്ടാരക്കരയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളിൽ കൊട്ടാരക്കരയും ഉൾപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന മുനിസിപ്പാലിറ്റിയുടെ രേഖാമൂലമുള്ള ഉറപ്പ് ഇതുവരെയും കിട്ടിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൊട്ടാരക്കരയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്.

(16) ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.യെ മർദ്ദിച്ചവർക്കെതിരെ ശിക്ഷാനടപടികൾ

ശ്രീ. കെ. സി. വേണുഗോപാൽ: തൃശൂരിൽ കെ.എസ്.യു. യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ നടത്തിയ മാർച്ചിനിടെ ശ്രീ.ടി.എൻ.പ്രതാപൻ

എം.എൽ.എ.-യെ ഭീകരമായി മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രസ്തുത കേസ് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് ഐ. ജി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് പോലീസ് കോൺസ്റ്റബിൾമാരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(17) മാളിക്കടവ് പാലം

ശ്രീ. പി.ടി.എ. റഹീം: കോഴിക്കോട് കോർപ്പറേഷനെ കൊടുവള്ളി നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന മാളിക്കടവ് പാലം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാളിക്കടവ് പാലം പണി ഏറ്റെടുത്ത കരാറുകാരൻ ഇടയ്ക്കുവച്ച് പണി നിർത്തിയതിനാൽ അയാളെ ഒഴിവാക്കാൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. എത്രയുംവേഗം പാലം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(18) ആറാട്ടുപുഴ പി.എച്ച്.സി.

ശ്രീ. ബി. ബാബു പ്രസാദ്: ആറാട്ടുപുഴ പി.എച്ച്.സി. കെട്ടിടം പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ആറാട്ടുപുഴ പി.എച്ച്.സി. കെട്ടിടം പണി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(19) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ പാലങ്ങൾ

ശ്രീ. തോമസ് ചാണ്ടി: ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വീതി കൂട്ടിയതിനനുസരിച്ച് പാലങ്ങൾ പുതുക്കി പണിയാത്തതു കാരണം വളരെയധികം അപകടങ്ങൾ നിത്യേന ഉണ്ടാവുകയാണ്. പാലങ്ങളുടെ വീതി കൂട്ടി അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കെ.എസ്.ടി.പി. പാക്കേജ് I-ൽപ്പെട്ട ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നിർമ്മാണ പ്രവൃത്തിയിൽ പാലം പണി ഉൾപ്പെടാതിരുന്നതാണ് ഇതിന് കാരണം. ഗതാഗത പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കാനായി പാലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകുന്നതാണ്. പാലങ്ങളുടെ വീതി കൂട്ടണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## (20) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. മുരളി പെരുനെല്ലി: വാടകക്കെട്ടിടങ്ങളിലും മറ്റു പലയിടങ്ങളിലുമായി പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിലാക്കുന്നതിന് മണലൂർ നിയോജകമണ്ഡലത്തിലെ അന്തിക്കാട് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് 32 പുതിയ മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാള, ചവറ എന്നിവിടങ്ങളിൽ പുതിയ മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. അന്തിക്കാട് പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (21) വയനാട് നെല്ലൂർനാട് അംബേദ്കർ ആശുപത്രി

ശ്രീ. കെ.സി. കുഞ്ഞിരാമൻ: വയനാട് ജില്ലയിലെ നെല്ലൂർനാട് അംബേദ്കർ ആശുപത്രിയിൽ 1994 മുതൽ ജോലി ചെയ്തു വരുന്ന പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്താനും ശമ്പളം നൽകാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : 25-01-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം നെല്ലൂർനാട്, അട്ടപ്പാടി ട്രൈബൽ ആശുപത്രി ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള എല്ലാ നടപടിക്രമങ്ങളും ആയിട്ടുണ്ട്. ആശുപത്രികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ കരാറടിസ്ഥാനത്തിൽ നിയമിച്ചവരെ റെഗുലറൈസ് ചെയ്യണമോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2008 ജൂലായ് 18-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) അവതരിപ്പിച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2008-ലെ കേരള ധനകാര്യ ബില്ലിനേയും 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

പാഠപുസ്തകവും പാഠ്യപദ്ധതിയും സംബന്ധിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടും അതിന്മേൽ കരിക്കുലം കമ്മിറ്റിയുടെ തീരുമാനങ്ങളും സംബന്ധിച്ച് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം**

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും
2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : 2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് ക്മ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: അയൽ സംസ്ഥാനങ്ങളിലെ നിയമസഭാംഗങ്ങൾക്ക് കിട്ടുന്ന വരുമാനമെങ്കിലും കേരളത്തിലെ എം.എൽ.എ.-മാർക്കും ലഭിക്കുന്നതിനാവശ്യമായ ഭേദഗതിയുണ്ടാകണം. ഈ ബില്ലിലെ സെക്ഷൻ 5 (i)-ൽ പറഞ്ഞിരിക്കുന്ന അയ്യായിരം രൂപയെന്നുള്ളത് പതിനയ്യായിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): സബ്ജക്ട് കമ്മിറ്റി പരിശോധനാവേളയിൽ യുക്തമെന്നു തോന്നുന്ന ഭേദഗതികൾ പരിഗണിച്ചശേഷം നടപടിക്രമമനുസരിച്ച് വീണ്ടും സഭയിൽ വരുമ്പോൾ ആവശ്യമായ ഭേദഗതികളോടുകൂടി പാസ്സാക്കാവുന്നതാണ്.

2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2008--ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2007-ലെ ആന പരിപാലന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ബാബു പോൾ: 2007-ലെ ആന പരിപാലന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബില്ലിനെ എതിർക്കുന്നു.

ശ്രീ. ബാബു പോൾ: നൂറ്റാണ്ടുകളായി ആന പരിപാലനം തൊഴിലായി സ്വീകരിച്ച് ഇപ്പോഴും ഈ തൊഴിൽ മേഖലയെ ആശ്രയിച്ചുകഴിയുന്ന

ഏകദേശം നാലായിരത്തോളംവരുന്ന തൊഴിലാളികൾ സംസ്ഥാനത്തുണ്ട്. ഈ തൊഴിൽകൊണ്ട് ഇന്ന് മതിയായ വരുമാനമുണ്ടാക്കാൻ കഴിയാത്തതിനാൽ ഈ വിഭാഗം തൊഴിലാളികൾ നിലനിൽപ്പിനായി കഷ്ടപ്പെടുകയാണ്. വർഷങ്ങളായി ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെയും കുടുംബത്തിന്റെയും സമ്പൂർണ്ണ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ടത് ആവശ്യമാണ്. ആനകളുടെ ആക്രമണഫലമായി മാരകമായി പരിക്ക് പറ്റുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും യാതൊരുവിധ സഹായവും ലഭ്യമാകുന്നില്ല. ആനകളെ ഇൻഷ്വർ ചെയ്യുന്ന ഉടമകൾ തൊഴിലാളികളെക്കൂടി ഇൻഷ്വറൻസിന്റെ പരിരക്ഷയിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടില്ല. വനം വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തൊഴിലാളികളെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരാൻ തീരുമാനിച്ചിരുന്നെങ്കിലും തൊഴിലാളികൾക്ക് മരണം സംഭവിച്ചാൽ നൽകാൻ തീരുമാനിച്ചിരുന്ന രണ്ടര ലക്ഷം രൂപ നൽകുന്നതിന് ഉടമകൾ സന്നദ്ധമാകുന്നില്ല. തൊഴിൽ സ്ഥിരതയും മിനിമം വേജസും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഈ മേഖലയിൽ നിലവിലില്ല. തുച്ഛമായ വേതനമാണ് ഉടമകൾ തൊഴിലാളികൾക്ക് നൽകുന്നത്. ഈ തൊഴിലാളികളെ ഏതു നിമിഷവും പിരിച്ചുവിടാവുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ സൗകര്യവും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്താനും അവരുടെ മക്കളുടെ വിവാഹത്തിനും വിദ്യാഭ്യാസത്തിനും സഹായം ഉറപ്പാക്കുന്നതിനും ഇവരുടെ ആശ്രിതർക്ക് ചികിത്സാ സൗകര്യമുൾപ്പെടെയുള്ള അടിയന്തിര സഹായം ലഭ്യമാക്കാനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനും സ്ഥായിയായ അവശത

അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകാനും അറുപത് വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ നൽകാനും ഉതകുന്ന വിധം ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് അനിവാര്യമാണ്. പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ മറ്റേതെങ്കിലും ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി ആനുകൂല്യം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

(ചർച്ച തുടരും)

(2) 2008-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2008-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിൻതാങ്ങുന്നു.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബില്ലിനെ എതിർക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പൊതുജനാരോഗ്യത്തിന് ഹാനികരമായ രീതിയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരോധിക്കുന്നതിനുള്ള അധികാരം ലൈസൻസ് നൽകുന്ന അധികാരസ്ഥാപനത്തിന് ഉണ്ടാകണം. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതും അതുമൂലമുണ്ടാകുന്ന ജലക്ഷാമവും ചെറുക്കേണ്ടതാണ്. ഇത്തരത്തിലുള്ള സ്ഥിതിവിശേഷം നിലനിൽക്കുന്ന സാഹചര്യത്തിൽ മുനിസിപ്പാലിറ്റി നിയമത്തിന് കൂടുതൽ പരിരക്ഷനൽകുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കിയ

സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കണം. ഭരണപരിഷ്ക്കാര കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതാതു പ്രദേശത്തെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സമ്പൂർണ്ണ അധികാരമുണ്ടാകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന പെപ്സിക്കോള, കൊക്കക്കോള കമ്പനികളുടെ പ്രവർത്തനം നിരോധിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കൊക്കക്കോള, പെപ്സിക്കോള കമ്പനികളുടെ അമിതമായ ജലചൂഷണം തടയുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആക്ടനുസരിച്ച് നിലവിലുള്ള നിയമം ഇക്കാര്യത്തിൽ പൂർണ്ണമായും പര്യാപ്തമല്ല എന്ന് മനസ്സിലാക്കി ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്യുന്ന കാര്യം സജീവമായി പരിഗണിച്ചുവരികയാണ്. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയുമൊക്കെ ഇടപെടൽ പലപ്പോഴും സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾക്ക് വിഘാതമായി വന്നിട്ടുള്ളതിനാൽ ഫൂൾപ്രൂഫ് ലെജിസ്ലേഷൻ ആവശ്യമായി വരും.

(ചർച്ച തുടരും)

(3) 2008-ലെ കേരള സാധുജന സംരക്ഷണ ക്ഷേമനിധി ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2008-ലെ കേരള സാധുജന സംരക്ഷണ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): തൊഴിൽവകുപ്പു മുഖേന നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പരിധിയിൽ സാധുജനങ്ങളും വരുന്നുണ്ട്. സംസ്ഥാനത്ത് ദരിദ്ര ജനവിഭാഗങ്ങൾക്ക് സൗജന്യ ചികിൽസയും ഭൗതീക ആവശ്യങ്ങൾക്ക് ധനസഹായവും നൽകുന്ന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ പ്രത്യേകമായി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ട ആവശ്യമില്ല എന്നതിനാൽ ബില്ലിനെ എതിർക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിവിധ ക്ഷേമപദ്ധതികളുടെ പരിധിയിൽ സാധുജനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് പ്രത്യേക ക്ഷേമനിധി ആവശ്യമില്ല എന്നുള്ള സർക്കാരിന്റെ വാദത്തോട് യോജിക്കാനാവില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് സമഗ്രമായ വീക്ഷണമുണ്ടാകണം. സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങളുടെ സംരക്ഷണത്തിനായി വിവിധതരം പദ്ധതികൾ നിലവിലുണ്ടെങ്കിലും ആവശ്യത്തിന് ഫണ്ടില്ലാത്തതിനാൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാറില്ല. ഗവൺമെന്റ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും കേന്ദ്രബിന്ദുവായി സാധാരണക്കാരനെ പ്രതിഷ്ഠിക്കണം. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം നടത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആശ്രയ പദ്ധതിയിലൂടെ നിരാശ്രയരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈക്വൽ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ആണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് സമൂഹത്തിലെ സാധുജനങ്ങളുടെ വിദ്യാഭ്യാസ ആരോഗ്യ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്

സ്ഥിരം ഫണ്ട് രൂപീകരിക്കുന്നതിനായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ സമീപനമുണ്ടാകണം.

(ചർച്ച തുടരും)

## (4) 2008 -ലെ കേരള ട്രാഫിക് ഫോഴ്സ് അതോറിറ്റി ബിൽ

ശ്രീ. എം. മുരളി : 2008 -ലെ കേരള ട്രാഫിക് ഫോഴ്സ് അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ് : പ്രമേയത്തെ പിൻതാങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും തൻമൂലമുണ്ടാകുന്ന ആൾനാശവും കണക്കിലെടുത്തുകൊണ്ട് ഇത്തരത്തിലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ഒഴിവാക്കാൻ ഗവൺമെന്റിന്റെ സാധാരണ ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സമിതികളും രൂപീകരിക്കുകയുണ്ടായി. സംസ്ഥാന തല സമിതിയിൽ ഗതാഗതവും നിയമപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തുകയും പ്രസ്തുത യോഗങ്ങളിൽ ഡി.ജി.പി. ആക്സിഡന്റ് റിഡക്ഷൻ ആക്ഷൻ പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങളുടേയും ആൾനാശത്തിന്റേയും കണക്കുകൾ പരിശോധിച്ചു വരുന്നു. സമിതി രൂപീകരണത്തിനുശേഷം റോഡപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ആഭ്യന്തര

വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ഹൈദരാബാദിലെ എമർജൻസി മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ആംബുലൻസ് സംവിധാനവും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്താനുള്ള നിർദ്ദേശവും നിലവിലുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രിയും ആരോഗ്യവും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയും എമർജൻസി മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരുമായി ചർച്ച നടത്തുകയുമുണ്ടായി. കേരള സർക്കാർ നയപരമായ തീരുമാനമെടുത്ത് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വാഹനാപകടങ്ങളിൽപെട്ട് മരിക്കുന്നവരുടെ നിരക്ക് ഗണ്യമായി കുറയുമെന്ന് വിശ്വസിക്കുന്നു. ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് കർശന നടപടിയും ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

<u>ശ്രീ.എം.മുരളി:</u>റോഡപകടങ്ങളിൽപെടുന്നവർക്കുവേണ്ടി ജീവൻരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഫയർ ഫോഴ്സിന്റെ മാതൃകയിൽ ഒരു ട്രാഫിക് ഫോഴ്സ് അതോറിറ്റി രൂപീകരിക്കണം. വാഹനാപകടങ്ങൾക്ക് ഇരയാകുന്നവരെ രക്ഷിക്കുന്നതിന് മുൻകയ്യെടുക്കുന്നത് ജനങ്ങൾ തന്നെയാണ് എന്നത് യാഥാർത്ഥ്യമാണ്. പരിഷ്കൃത രാജ്യങ്ങളിലെപ്പോലെ നമ്മുടെ സംസ്ഥാനത്തെ നിരത്തുകളിലും വാഹനങ്ങളുടെ സംഖ്യ അഭൂതപൂർവ്വമായി വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. ഹൈസ്പീഡ് വാഹനങ്ങളുടെ ആഗമനവും വേഗതയെ ആശ്രയിച്ചുള്ള പുതിയ ജീവിത ശൈലിയും കാരണം ട്രാഫിക് നിയമലംഘനങ്ങളും റോഡപകടങ്ങളുടെ എണ്ണവും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് പ്രധാനപ്പെട്ട റോഡുകളുടെ ഓരോ അഞ്ച് കിലോമീറ്ററിലും

ട്രാഫിക് ഫോഴ്സ് സ്റ്റേഷൻ സ്ഥാപിക്കുകയും രക്ഷാ പ്രവർത്തനത്തിനാവശ്യമായ ആംബുലൻസ് സൗകര്യവും പ്രത്യേക പരിശീലനം സിദ്ധിച്ച പോലീസ് സേനാംഗങ്ങളെ നിയോഗിച്ചുകൊണ്ട് സന്നദ്ധപ്രവർത്തകരുടെ ഒരു ശൃംഖലയുണ്ടാക്കുകയും ചെയ്യണം. എക്കണോമിക് റിവ്യൂവിന്റെ റിപ്പോർട്ട് അനുസരിച്ച് ശരാശരി 200 മനുഷ്യർ റോഡപകടങ്ങളിൽ മരണമടയുന്നു. ജീവൻ രക്ഷാ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്താൻ സംവിധാനമുണ്ടാക്കണം. റെയിൽവേ അപകടങ്ങളിലായാലും ഈ സേനയുടെ പ്രവർത്തനം ഉപയോഗപ്പെടുത്താൻ സാധിക്കും. പ്രധാനപ്പെട്ട വീഥികളിലും സ്റ്റേറ്റ് ഹൈവേകളിലും നോട്ടിഫൈഡ് ആശുപത്രികളുടെ ഫോൺ നമ്പർ പ്രദർശിപ്പിക്കണം. അപകടങ്ങളിൽപ്പെടുന്നവരെ മിനിട്ടുകൾക്കകം ആശുപത്രികളിലെത്തി ക്കാനുള്ള ഒരു സൈന്യമാണ് നമുക്കാവശ്യം. അതിനുവേണ്ടിയുള്ള ഭരണ സംവിധാനമുണ്ടാകണം. ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ പി.എസ്.സി. വഴി ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുകയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ സേനാംഗങ്ങളെ നിയമിക്കുകയും അനുബന്ധ പ്രവർത്തനത്തിന് ലൈഫ് സേവിംഗ് ഗ്രൂപ്പുകളുണ്ടാക്കുകയും ചെയ്യണം. ഈ ബിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചാൽ വലിയൊരു ശതമാനം റോഡപകടങ്ങൾ ഒഴിവാക്കാനും മരണ സംഖ്യ കുറയ്ക്കാനും സാധിക്കും.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): ദേശീയ പാതയും മെയിൻ സെന്റർ റോഡുകളുൾപ്പെടെയുള്ള പ്രധാനപ്പെട്ട ഹൈവേകളുടെ ഓരം ചേർന്നുള്ള ആശുപത്രികളിൽ അപകടങ്ങളുമായി ബന്ധപ്പെട്ടവർക്കുള്ള അടിയന്തിര ചികിത്സ സഹായ പദ്ധതിക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ആഭ്യന്തരം,

മോട്ടോർ ട്രാൻസ്പോർട്ട്, ഹെൽത്ത് എന്നീ ഡിപ്പാർട്ട്മെന്റുകളുമായി ആലോചിക്കുന്നതാണ്. 5 കി.മീ ഇടവിട്ട് ട്രാഫിക് ഫോഴ്സ് സ്റ്റേഷൻ അല്ലെങ്കിൽ ടാസ്ക് ഫോഴ്സ് സ്റ്റേഷൻ എന്നത് സർക്കാരിന് വലിയ സാമ്പത്തിക ചെലവ് വരുത്തുന്നതുകൊണ്ട് പ്രയോഗികമല്ല. പ്രധാനപ്പെട്ട ഹൈവേകളോട് അനുബന്ധമായി അടിയന്തിര ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സമീപത്തുള്ള സ്വകാര്യ-പൊതുമേഖലാ ആശുപത്രികളെ നോട്ടിഫൈഡ് ആശുപത്രികൾ ആയി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ചർച്ച തുടരും)

## (5) 2008-ലെ സ്കൂൾ പാചക തൊഴിലാളി (ജീവനക്കാരുടെ) ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി :2008-ലെ സ്കൂൾ പാചക തൊഴിലാളി (ജീവനക്കാരുടെ) ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): സ്കൂൾ പാചക തൊഴിലാളികളുടെ അംഗസംഖ്യ വളരെ പരിമിതമായതിനാൽ അവർക്ക് മാത്രമായി പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ലാത്തതുകൊണ്ട് അവരെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ പദ്ധതിയിൽ പെൻഷനും മറ്റാനുകൂല്യങ്ങളും ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്ന കാര്യം

പരിശോധിച്ചുവരികയാണ്. ഇത് പ്രത്യേക ബില്ലായി പരിഗണിക്കേണ്ട ആവശ്യമില്ല.

ശ്രീ. എം. മുരളി: ജീവനക്കാരുടെ എണ്ണം പരിമിതമാണ്. പ്രൈമറി സ്കൂളുകൾക്കുപുറമേ ഹൈസ്കൂൾതലംവരെയും ഉച്ചഭക്ഷണം നൽകാനുള്ള ഏർപ്പാടുണ്ടാക്കിയാൽ ഈ പാചകത്തൊഴിലാളികളുടെ എണ്ണം വർദ്ധിക്കും. വിദ്യാഭ്യാസ വകുപ്പ് നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമാണ് ഇവർക്ക് നൽകുന്നത്. തമിഴ്നാട് സർക്കാർ ഇത്തരത്തിലുള്ള ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യം നൽകുന്നുണ്ട്. അതുപോലെ ഇവരെയും പൊതു വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരായി അംഗീകരിച്ച് വേതനം വർദ്ധിപ്പിക്കാനും ഔദ്യോഗികമായി അംഗീകാരം നൽകാനും ഭാവിയിൽ പെൻഷൻ നൽകാനും കഴിയുന്ന സംവിധാനം ഉണ്ടാക്കണം. ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി കൂടുതൽ അലോട്ട്മെന്റ് നൽകുന്ന കാര്യവും ഗവൺമെൻറ് പരിശോധിക്കണം. ഉച്ചക്കഞ്ഞി എന്നുള്ള വാക്കുമാറ്റി ഉച്ചഭക്ഷണം എന്നാക്കണം. സ്കൂൾ പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 'ഉച്ചക്കഞ്ഞി' എന്ന പദത്തിനുപകരം 'ഉച്ചഭക്ഷണം' എന്നാക്കാവുന്നതാണ്. കൈത്തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി പെൻഷൻ, ക്ഷേമനിധി എന്നിവയടക്കമുള്ള ആനുകൂല്യങ്ങൾ ഇവർക്കും നൽകാമെന്നാണ് ഗവൺമെന്റിന്റെ സമീപനം. ഈ സാഹചര്യത്തിൽ പ്രസ്തുത ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. മുരളി: വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന കാര്യത്തിൽ തുടർചർച്ചയുണ്ടാകണം.

(ചർച്ച തുടരും)

(6) 2008-ലെ കേരള മിൽക്ക് ടെക്നീഷ്യൻസ് ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2008-ലെ കേരള മിൽക്ക് ടെക്നീഷ്യൻസ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കേരളത്തിൽ കന്നുകാലികളുടെ പാൽ കറന്നെടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അംഗസംഖ്യ വളരെ പരിമിതമായതിനാൽ അവർക്കുമാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ല. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധിയായ കൈത്തൊഴിലാളി/വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഇവർക്കും അംഗങ്ങളാകാവുന്നതും പ്രസ്തുത പദ്ധതിപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നേടാവുന്നതുമാണ്. അതുകൊണ്ട് ഈ ബിൽ സ്വീകാര്യമല്ല.

ശ്രീ. എം. മുരളി: സംസ്ഥാനത്തെ കന്നുകാലികളുടെ പാൽ കറന്നെടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 50000-ത്തോളം വരുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക്

പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ശാസ്ത്രീയമായ രീതിയിൽ കറവ നടത്തുന്നതിന് 5 ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ച് കറവത്തൊഴിലാളികൾക്ക് ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് പരിശീലനം നൽകുന്നു. ഇവർക്ക് പ്രത്യേകമായി ക്ഷേമനിധി രൂപീകരിക്കാൻ കഴിയുന്നില്ലെങ്കിൽ ക്ഷീര കർഷകർക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധിയിലും പെൻഷനിലും ഉൾപ്പെടുത്താൻ നടപടിയുണ്ടാകണം. കേരളത്തിലെ 8 ലക്ഷം കറവപ്പശുക്കളെ യന്ത്രങ്ങളുപയോഗിച്ച് കറക്കുന്നത് പൂർണ്ണമായും ഫലപ്രദമല്ലാത്തിനാൽ മനുഷ്യ അദ്ധ്വാനം അത്യന്താപേക്ഷിതമാണെന്നുള്ളത് പരിഗണിച്ചാണ് ഇത്തരം തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത്. പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാനും പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും ശ്രമിക്കുന്നതോടൊപ്പം മനുഷ്യ അദ്ധ്വാനം അത്യന്താപേക്ഷിതമായതിനാൽ പുതിയ തലമുറയെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള മാർഗ്ഗമായി ഇവർക്ക് പ്രത്യേക സംരക്ഷണം കൊടുക്കേണ്ടതാവശ്യമാണ്. രാവും പകലുമില്ലാതെ പണിയെടുക്കുന്ന ഈ തൊഴിലാളികൾ സംസ്ഥാനത്തെ ഗ്രാമീണ സമ്പദ്ഘടനയ്ക്കുതന്നെ വിലപ്പെട്ട സംഭാവനയാണ് നൽകുന്നത്. മിൽമ ഉൾപ്പെടെയുള്ള ഏജൻസികളുമായി ചർച്ച ചെയ്ത് ക്ഷീരകർഷക ക്ഷേമനിധിയുമായി ബന്ധിപ്പിച്ച് ഇവർക്കൊരു ജീവിത പരിരക്ഷയുണ്ടാക്കണം.

(ചർച്ച തുടരും)

(7) 2008-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബിൽ

<u>ശ്രീ. എം. മുരളി</u> 2008-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> കേരളത്തിലെ ലൈറ്റ് ആന്റ് സൗണ്ട് സർവ്വീസ് സ്ഥാപനങ്ങളിലെ തൊഴിലാളികൾ 2006-ലെ കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ വരുന്നവരായതിനാൽ ഇവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധിയുടെ ആവശ്യമില്ല.

<u>ശ്രീ. എം. മുരളി</u>: സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ സ്വയംതൊഴിൽ കണ്ടെത്തി ലൈറ്റ് ആന്റ് സൗണ്ട് സർവ്വീസ് സ്ഥാപനങ്ങൾ നടത്തുകയും ഈ സ്ഥാപനങ്ങളിലെ അനുബന്ധ ജോലികളിൽ ഏർപ്പെട്ട് ഉപജീവനം നടത്തുകയും ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അതിനോടനുബന്ധമായ കാര്യങ്ങൾക്കുവേണ്ടിയും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റുകൾ കർശനമായ പരിശോധന നടത്തുകയും ലൈറ്റ് ആന്റ് സൗണ്ട് രംഗത്ത് ആവശ്യമായ ശാസ്ത്രീയ പരിശീലനം കൊടുക്കുകയും ഇവർക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കുകയും ചെയ്യുന്നതോടൊപ്പം ലൈഫ് റിസ്ക് പരിഗണിച്ച് ഇവരുടെ ജീവിത സംരക്ഷണത്തിനായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്.

(ചർച്ച തുടരും)

**ക്രമപ്രശ്നം**

<u>ശ്രീ. ജി. കാർത്തികേയൻ:</u> വെള്ളിയാഴ്ച ദിവസങ്ങളിലെ നിയമസഭാ സമ്മേളനം വ്യർത്ഥമായി മാറുന്ന സാഹചര്യത്തിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ചും നിയമസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ഒരു പുനർചിന്തനം നടത്തേണ്ടതും പരിശ്രമശാലികളായ എം.എൽ.എ.-മാരുടെ പ്രവർത്തനങ്ങളെ നിയമനിർമ്മാണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കേണ്ടതും ആവശ്യമാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ഇക്കാര്യം നിയമസഭയിൽ മുമ്പും ചർച്ച ചെയ്യപ്പെട്ടതാണ്. ഒരു നിയമസഭാ സാമാജികൻ പൂർണ്ണതയിലെത്തുന്നത് സ്വന്തമായി നിയമം നിർമ്മിച്ച് അത് നിയമസഭയിൽ ചർച്ച ചെയ്യപ്പെടുകയും അതിന്റെ ഉള്ളടക്കംതന്നെ അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോഴാണ്. എന്നാൽ ഇതിന്റെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട പൊരുത്തക്കേടുകൾ ഗൗരവമായി പരിശോധിക്കണം. സ്വകാര്യ ബില്ലുകളെ സർക്കാർ വളരെ ഗൗരവമായിത്തന്നെയാണ് കാണുന്നത്.

<u>ശ്രീ. ജി. കാർത്തികേയൻ:</u> വെള്ളിയാഴ്ച ദിവസത്തെ അനൗദ്യോഗിക ബില്ലുകളുടെ കാര്യം മാത്രമല്ല കമ്മിറ്റികളുടെ പ്രവർത്തനത്തെക്കുറിച്ചും അവലോകനം ചെയ്യേണ്ടതുണ്ട്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഒരു നിയമസഭാ സെഷനിൽ ഓന്നോ രണ്ടോ പ്രധാനപ്പെട്ട കമ്മിറ്റി റിപ്പോർട്ടുകൾ സമയമെടുത്ത് ചർച്ച ചെയ്യണമെന്നുള്ള ശുപാർശ നിയമസഭാ സാമാജികർക്കുവേണ്ടി നടത്തിയ ഓറിയന്റേഷൻ കോഴ്സിലും ഉണ്ടായിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ഒരു തീരുമാനമെടുത്താൽ അത് സഭയുടെ പൊതു അഭിപ്രായമായിരിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സ്വകാര്യ ബില്ലുകൾ സഭയിൽ അംഗീകരിക്കുന്നില്ലെങ്കിലും അതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ചർച്ചകൾ നിയമനിർമ്മാണ രംഗത്ത് ഗവൺമെന്റിന് വളരെയേറെ സഹായകരമാകുന്നുണ്ട്. അതുകൊണ്ട് സ്വകാര്യ ബില്ലുകളുടെ പ്രാധാന്യവും പ്രസക്തിയും വലുതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ചെയറിന്റെ ശ്രദ്ധയിലുള്ള കാര്യങ്ങളാണ്. നിയമസഭയുടെ 50-ാം വാർഷിക ത്തോടനുബന്ധിച്ചും നിയമസഭാ പ്രവർത്തനങ്ങൾ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്നുള്ളത് ചർച്ച ചെയ്യുകയും അതുസംബന്ധിച്ച് ധാരണയുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പരിചയസമ്പന്നരായ നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് നിയമസഭാ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുകയും ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയുംപെട്ടെന്ന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(8) 2008-ലെ കേരള റേഷൻവ്യാപാരി ക്ഷേമനിധി (ഭേദഗതി) ബിൽ

ശ്രീ. എം. മുരളി: 2008-ലെ കേരള റേഷൻവ്യാപാരി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): 1998-ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്ടിലെ 2-ാം വകുപ്പിലെ 'ജി' ഉപവകുപ്പിൽ റേഷൻ വ്യാപാരി എന്ന നിർവ്വചനത്തിൽ ഭേദഗതി വരുത്തി അംഗീകൃത സെയിൽസ്മാൻമാരെക്കൂടി ഉൾപ്പെടുത്തിയാൽ ക്ഷേമനിധി പ്രവർത്തനത്തെ ത്തന്നെ ദോഷകരമായി ബാധിക്കും. റേഷൻ വ്യാപാരി ക്ഷേമനിധിയിലെ ഓരോ അംഗവും പ്രതിമാസം 50 രൂപ അംശദായം അടയ്ക്കുന്നത് ഉപയോഗിച്ചാണ് ക്ഷേമനിധിയിലെ വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളും വ്യാപാരികൾക്കുള്ള പെൻഷനും നൽകുന്നത്. അതിനാൽ ഈ ആക്ടിൻ കീഴിൽ സെയിൽസ്മാൻമാരെക്കൂടി ഉൾപ്പെടുത്താൻ കഴിയില്ല.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.